**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസ സംരക്ഷണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ നടപടികളുടെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നിരവധി അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുള്ള ഭൗതിക സാഹചര്യത്തെ ഓരോ കുട്ടിയുടേയും സമഗ്ര വികാസത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.<br><br>വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വർഷം തിരിച്ചുള്ള കണക്കു ലഭ്യമാക്കാമോ? | (ബി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

I) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ രണ്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ അധികമായി എത്തിയ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :-

| വർഷം | അധികമായെത്തിയ കുട്ടികൾ |
|---|---|
| 2021 – 2022 | 2,27,556 |
| 2022 – 2023 | 1,19,970 |
| 2023 – 2024 | 42,881 |
| 2024 – 2025 | 34,589 |
| 2025 – 2026 | 40,906 |

II) 2021 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ ഹയർസെക്കന്ററി ഒന്നാം വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :-

| HIGHER SECONDARY ADMISSION FROM 2021 TO 2025 | | |
|---|---|---|
| **YEAR** | **GOVT** | **AIDED** |
| **2021** | **168411** | **185086** |
| **2022** | **169199** | **185447** |
| **2023** | **169758** | **184222** |
| **2024** | **175492** | **184619** |
| **2025** | **176613** | **183289** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(1) ആധുനിക സാങ്കേതികവിദ്യയെ ഫലപ്രദമായി പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജനപ്പെടുത്തുന്ന തരത്തിലേക്ക് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സുകളായി മാറ്റി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻറെ തുടർച്ച എന്ന നിലയിൽ വിദ്യാകിരണം ആണ് സംസ്ഥാനത്ത് ഇപ്പോൾ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

(2) ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷികൾ കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷാനിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(3) പ്രീപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(4) ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനുള്ള ടാലൻറ് ലാബ്, സർഗ്ഗവിദ്യാലയം, സഹിതം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(5) എല്ലാ കുട്ടികൾക്കും കലാകായിക തൊഴിൽ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നു. ഈ മൂന്ന് മേഖലകളെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തന പുസ്തകങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് നൽകും

(6) സ്കൂളുകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്

(7) ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ഇതിൻറെ ഭാഗമായി ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി

(8) ആനുകാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കും. ഇതിൻറെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളും വിദ്യാർഥികളുമായുള്ള

ചർച്ചകളും നടത്തി വ്യത്യസ്ത വിഷയങ്ങളുടെ നിലപാട് രേഖകൾ തയ്യാറാക്കി ഈ നിലപാട് രേഖകളെ അടിസ്ഥാനപ്പെടുത്തി നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു

(9) പഠനപരിപോഷണ പദ്ധതികൾ : ഓരോ മേഖലയിലും പ്രത്യേക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് നിരന്തരമായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിലേക്കായി നുമാറ്റ്സ്, സ്റ്റെപ്സ് എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു

(10) അധ്യാപക ശാക്തീകരണം ആധുനികകാലഘട്ടത്തിന് യോജിച്ച തരത്തിൽ അധ്യാപകരെ ശാക്തീകരിക്കുന്നതിനുള്ള നിരവധി പദ്ധതികൾ SCERT ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

മാനദണ്ഡങ്ങൾ പ്രകാരം കിഫ്ബി ധനസഹായത്തോടെ 973 വിദ്യാലയങ്ങൾക്ക് ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇവയിൽ 459 സ്കൂളുകൾ പൂർത്തിയായി. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സ്കൂൾ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളെയും സാങ്കേതികവിദ്യാ സൗഹൃദമാക്കി. 8 മുതൽ 12 വരെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആക്കി. അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കി

## അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പാർശ്വവത്കരിക്കപ്പെട്ടതും പിന്നോക്കാവസ്ഥയിലുള്ളതുമായ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി വ്യത്യസ്ത പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

- **അക്കാദമിക മാസ്റ്റർ പ്ലാൻ:** 2017-18 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ തുടർന്ന് വരുന്ന വർഷങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

- **സഹിതം:** കുട്ടികളുടെ പഠന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതനായി സവിശേഷമായ ഇടപെടലുകൾ ആവശ്യമുണ്ട്. കുട്ടികൾക്കുണ്ടാകുന്ന വികാസം നിരന്തരമായി നിരീക്ഷിച്ച് സൂചകങ്ങളുടെ സഹായത്തോടെ അധ്യാപകർ സഹിതം പോർട്ടലിൽ രേഖപ്പെടുത്തുന്നു.

- **ശ്രദ്ധ:** വിദ്യാർത്ഥികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 2017-18 അക്കാദമിക വർഷം മുതൽ ആരംഭിച്ച പദ്ധതി.

- **ഫോക്കസ് സ്കൂൾ:** വിദ്യാർത്ഥികളുടെ എണ്ണം കുറവായ സർക്കാർ വിദ്യാലയങ്ങളിലെ എൻറോൾമെന്റ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2022-23 വർഷം മുതൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഫോക്കസ് സ്കൂൾ. 41 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പരിധിയിൽ നിന്നും കുട്ടികളുടെ എണ്ണം ഏറ്റവും കുറവുള്ള ഒരു വിദ്യാലയത്തെ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്

- **ഉല്ലാസ ഗണിതം:** അടിസ്ഥാന ഗണിത ശേഷി വികസനത്തിനായി 1,2 ക്ലാസുകളിൽ നടപ്പിലാക്കുന്ന പദ്ധതി.

- **ഗണിത വിജയം:** അടിസ്ഥാന ഗണിത ശേഷി വികസനത്തിനായി 3,4 ക്ലാസുകളിൽ നടപ്പിലാക്കുന്ന പദ്ധതി.

- **ന്യൂമാത്സ്:** ആറാം ക്ലാസിലെ കുട്ടികളെ നിശ്ചിത അഭിരുചിപ്പരീക്ഷയിലൂടെ തിരഞ്ഞെടുത്ത് ആറുവർഷം തുടർച്ചയായി പരിശീലനം നൽകുന്നു. ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള കുട്ടികളുടെ കൂടിയിരുപ്പുകൾക്കും അവധിക്കാല ക്യാമ്പിനും അവസരമൊരുക്കിയിട്ടുണ്ട്. ഒരു അക്കാദമികവർഷം 6 മുതൽ 12 വരെ ക്ലാസിലെ 450 കുട്ടികൾക്കാണ് ഇത്തരത്തിൽ പരിശീലനം നൽകുന്നത്.

- **വായനച്ചങ്ങാത്തം:** 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വായനയിൽ അടിസ്ഥാന ഭാഷാ ശേഷി കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പരിപാടി.

- **ഗിഫ്റ്റഡ് ചിൽഡ്രൺ പ്രോഗ്രാം:** വ്യത്യസ്ത മേഖലകളിലുള്ള വിദ്യാർത്ഥികളുടെ അറിവും താൽപര്യവും തിരിച്ചറിയുന്നതിനും അവരുടെ മുഴുവൻ കഴിവുകളും വികസിപ്പിക്കുന്നതിനുമായി ലക്ഷ്യമിടുന്നു. യു.എസ്.എസ് പരിക്ഷയിൽ വിജയികളാകുന്ന ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നുമുള്ള 40 വിദ്യാർത്ഥികളെ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- **പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ:** എല്ലാ ജില്ലകളിലുമായി 720 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പഠനപ്രവർത്തനങ്ങളിൽ ഗുണപരമായ നേട്ടങ്ങൾ സ്വായത്തമാക്കുന്നതിനുതകുന്ന പിന്തുണാ പ്രവർത്തനങ്ങളാണ് പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളിൽ നടപ്പാക്കുന്നത്.

- **ജൈവവൈവിധ്യ ഉദ്യാനം:** വിദ്യാലയത്തിന് ചുറ്റുമുള്ള ജൈവവൈവിധ്യത്തെ കുറിച്ച് അറിയുന്നതിനും അവ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളിൽ താൽപ്പര്യം ജനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 അധ്യയനം വർഷം മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു.

- **മലയാളത്തിളക്കം :** മലയാള ഭാഷയുമായി ബന്ധപ്പെട്ട ശേഷികൾ വികസിപ്പിക്കുന്നതിന്.

- **ഹലോ ഇംഗ്ലീഷ് :** 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികളുടെ ഇംഗ്ലീഷിലുള്ള പരിജ്ഞാനവും പ്രാവീണ്യവും വർദ്ധിപ്പിക്കുന്നതിന്.

- **സുരീലീ ഹിന്ദി :** 5 മുതൽ 12 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് ഹിന്ദി പഠനം ലളിതവും ആസ്വാദ്യകരവുമാക്കി മാറ്റുന്നതിന്.

- **സംസ്കൃത മാധുരി :** സംസ്കൃത ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന്.

- **അഹ്ലാൻ അറബിക് :** അറബിക് പഠനം ലളിതവും രസകരവുമാക്കി മാറ്റുന്നതിന്.

- **സ്കൂൾ വെതർ സ്റ്റേഷൻ :** ഭൂമിശാസ്ത്രപഠനത്തിനും കാലാവസ്ഥാ പഠനത്തിനും

- **YIP ശാസ്ത്രപഥം : സെക്കൻററി ക്ലാസുകളിലെ കുട്ടികളിൽ ഗവേഷണാഭിരുചി വർദ്ധിപ്പിക്കുന്നതിന്. പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിന്.**

- **ടിങ്കറിങ്ങ് ലാബ് :** ശാസ്ത്രപഠനവും സാങ്കേതികവിദ്യയുമായി ഉദ്ഗ്രഥനം ചെയ്ത് സ്വന്തമായി ആശയരൂപീകരണം നടത്തി ഉല്പന്നങ്ങൾ രൂപകല്പന ചെയ്യുന്നതിന്.

- **IDEA –** ഹയർ സെക്കൻററി വിദ്യാർത്ഥികളിൽ സംരംഭക പാടവം വർദ്ധിപ്പിച്ച് യുവസംരംഭകരെ കണ്ടെത്തുന്നതിന്.

- **സചിത്ര പുസ്തകം, സംയുക്ത ഡയറി** – ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളിൽ ഭാഷാശേഷികൾ വർദ്ധിപ്പിക്കുന്നതിനും ക്ലാസ്റൂം പ്രവർത്തനങ്ങൾ ആഹ്ലാദകരമാക്കി മാറ്റുന്നതിനും.

- **വിദ്യാരംഗം:** കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

- **ശാസ്ത്രരംഗം** : കുട്ടികളിൽ ശാസ്ത്രീയ മനോഭാവവും ശാസ്ത്ര ബോധവും വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്ന പൊതു പ്ലാറ്റ്ഫോം

- **സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം:** കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുന്നതിനായി 2022–23 വർഷം മുതൽ ആരംഭിച്ച പദ്ധതി. താൻ ജീവിക്കുന്ന ചുറ്റുപാടിനെയും സമൂഹത്തെയും അതിലൂടെ ലോകത്തെയും മനസ്സിലാക്കുക, നേരനുഭവങ്ങൾ നേടുക, സാമൂഹിക സേവന പ്രതിബദ്ധത സമാർജ്ജിക്കുന്നതിനുള്ള സാധ്യതകൾ സൃഷ്ടിക്കുക തുടങ്ങിയവാണ് പദ്ധതിയുടെ ലക്ഷ്യം.

- **കുട്ടികൾക്കുള്ള റഫറൻസ് പുസ്തകങ്ങൾ:** പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവരിൽ വിവിധ വിഷയങ്ങളിൽ അവബോധം വളർത്തുന്നതിന് ജീവിതഗന്ധിയായ പത്തു മേഖലകളെ അടിസ്ഥാനപ്പെടുത്തി എസ്.സി.ഇ.ആർ.ടി. റഫറൻസ് പുസ്തകങ്ങൾ തയാറാക്കി. സൈബർ കുറ്റകൃത്യങ്ങൾ, മദ്യം, മയക്കുമരുന്ന് ഉപയോഗവും പരിണതഫലങ്ങളും, തിരഞ്ഞെടുപ്പ് സാക്ഷരത, മാലിന്യ സംസ്കരണം, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും സംരക്ഷണവും ബാലാവകാശങ്ങളും, ആരോഗ്യവും വ്യക്തി ശുചിത്വവും, മുതിർന്ന പൗരരുടെ പരിചരണവും സംരക്ഷണവും, ജൈവവൈവിധ്യവും ഹരിതവിദ്യാലയവും ജീവിത ശൈലീരോഗങ്ങളും പ്രതിവിധിയും,

ദുരന്തനിവാരണമാർഗങ്ങൾ, റോഡ്സുരക്ഷ തുടങ്ങിയ തീമുകളുടെ അടിസ്ഥാനത്തിലാണ് പുസ്തകങ്ങൾ തയ്യാറാക്കിയത്.

- **അധ്യാപക പരിശീലനം:** വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിൽ അധ്യാപക പരിശീലനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. അധ്യാപകർ നിരന്തരപഠിതാക്കളായി മാറണം. ഈ ലക്ഷ്യം നേടുന്നതിന് എല്ലാവിഭാഗം അധ്യാപകർക്കും മെച്ചപ്പെട്ട പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഹയർസെക്കന്ററി അധ്യാപകരെ ലക്ഷ്യമിട്ടുകൊണ്ട് 10 ദിവസത്തെ ഹയർസെക്കന്ററി അധ്യാപക പരിവർത്തന പദ്ധതിയും പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അധ്യാപകർക്കായി ഇൻഡക്ഷൻ പരിശീലനവും നടപ്പാക്കി വരുന്നു.

- **പ്രീ-സ്കൂൾ വിദ്യാഭ്യാസം :** സംസ്ഥാനത്തെ പ്രീസ്കൂൾ വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിനും ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതിനു മായി 'കളിപ്പാട്ടം' എന്ന പേരിൽ അധ്യാപകർക്കുള്ള ഒരു പ്രവർത്തനപുസ്തകം തയാറാക്കി കുട്ടിയുടെ പ്രായം, പ്രകൃതം തുടങ്ങിയവ പരിഗണിച്ചു കൊണ്ട് 30 തീമുകൾ അടിസ്ഥാനമാക്കി തയാറാക്കിയതാണ് 'കളിപ്പാട്ടം'.

- **വർണ്ണക്കൂടാരം :** ശിശുവിദ്യാഭ്യാസത്തിനായുള്ള അത്യാധുനിക സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് സംസ്ഥാനത്തെ 608 വിദ്യാലയങ്ങളുമായി ബന്ധിപ്പിച്ചാണ് വർണ്ണക്കൂടാരം ഒരുക്കുന്നത്. കുഞ്ഞുങ്ങളുടെ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക പ്രവർത്തനങ്ങൾക്കായുള്ള ഇടമാണ് വർണ്ണക്കൂടാരം.

- **സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി – സ്റ്റെപ്സ്:** കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളിൽ സാമൂഹ്യാവബോധം വളർത്തുന്നതിനും സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പരിപാടിയാണ് സ്റ്റെപ്സ്. ഓരോ വർഷവും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ആറാംക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും സ്കൂൾ, സബ്ജില്ല, ജില്ലാതലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 84 വിദ്യാർത്ഥികൾക്കാണ് എസ്.സി.ഇ.ആർ.ടി. സംസ്ഥാനതല പ്രതിഭാപരിപോഷണ പരിപാടി സംഘടിപ്പിക്കുന്നത്.

- **കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് (KSEC) 2023 :** 2023 ഏപ്രിൽ 1, 2, 3 തീയതികളിൽ കോവളത്തുള്ള കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ വച്ച് കേരളത്തിലാദ്യമായി നടന്ന കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസിൽ സ്കൂൾ വിദ്യാഭ്യാസത്തിലെ നൂതനമായ പ്രവണതകൾ സജീവമായി ചർച്ച ചെയ്യുകയുണ്ടായി. കേരളത്തിന്റെ തനത് സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിയുന്ന നിരവധി വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ മൂന്ന് ദിവസമായി നടന്ന എഡ്യൂക്കേഷൻ കോൺഗ്രസ്സിൽ പങ്കുവയ്ക്കപ്പെട്ടു. കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ധർ ഇതിൽ പങ്കെടുത്തു. 128 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.

- **ശിശു സൗഹൃദ ഗണിത ശാസ്ത്ര പഠനം (മഞ്ചാടി):** കുട്ടികളിൽ നിലവിലുള്ള ഗണിത പഠനത്തോടുള്ള ഭീതി അകറ്റാനും ഗണിതം ആസ്വാദ്യകരവും, ആനന്ദദായകവുമായ പഠനാനുഭവമാക്കി എങ്ങനെ മാറ്റിയെടുക്കാം എന്ന അന്വേഷമാണ് ശിശുസൗഹൃദ ഗണിതശാസ്ത്രപഠനം (മഞ്ചാടി) വഴി ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട്,

കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ ആണ് തുടക്കം കുറിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള അധ്യാപക പരിശീലനം പൂർണ്ണമായി. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 72 വിദ്യാലയങ്ങളിലും 28 MRS കളിലുമടക്കം 100 സ്ഥലങ്ങളിലാണ് മഞ്ചാടി പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്.

- **ലഹരിക്കെതിരായ പ്രവർത്തനങ്ങൾ:** കുട്ടികളിൽ ലഹരിക്കെതിരായ മനോഭാവം വളർത്തുന്നതിന് സഹായിക്കുന്ന രീതിയിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്നു. എക്സൈസ് വകുപ്പുമായി സഹകരിച്ച് 'തെളിവാനം വരക്കുന്നവർ'എന്ന പുസ്തകം തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു.

- **ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം** : കുട്ടികളിൽ ശുചിത്വ അവബോധം വളർത്താനും ശുചിത്വം എന്നത് ഒരു ജിവിത രീതിയും ജിവിത ശീലവുമാക്കി മാറ്റാനുള്ള സമഗ്രമായ ഇടപെടലാണ് ഇതുവഴി പ്രതീക്ഷിക്കുന്നത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷനുമായും മറ്റു വിവിധ വകുപ്പുകളുമായും സഹകരിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. പാഠ്യപദ്ധതിയിലൂടെ കുട്ടികളുടെ മനോഭാവത്തിൽ എങ്ങനെയെല്ലാം മാറ്റം വരുത്താം എന്നതാണ് ഈ പ്രവർത്തനത്തിലൂടെ അന്വേഷിക്കുന്നത് പൊതുവിദ്യാലയങ്ങളെ പ്രയോഗ ശാലകളാക്കി മാറ്റിക്കൊണ്ട് ശുചിത്വത്തെ സംബന്ധിച്ചും ഹരിതത്തെ സംബന്ധിച്ചും നേരനുഭവങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഹരിത മിഷനും പൊതുവിദ്യാഭ്യാസ വകുപ്പും വിദ്യാകിരണം മിഷനും സംയുക്തമായി വിദ്യാലയങ്ങളെ ഹരിത വിദ്യാലയമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**<u>പാർശ്വവത്കൃത പിന്നോക്ക മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന പരിപാടി</u>**

പാർശ്വവത്കരിക്കപ്പെട്ട കുട്ടികളുടെ സംസ്കാരം, പശ്ചാത്തലം തുടങ്ങിയവ മനസ്സി ലാക്കിക്കൊണ്ട് അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- **ഊര് വിദ്യാകേന്ദ്രം:** ആദിവാസി മേഖലയിലെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ട്രൈബൽ കോളനി കേന്ദ്രീകരിച്ച് 60 ഊരുവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു.

- **പഠിപ്പുറസ്സി പദ്ധതി:** കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതി

- **ഗോത്രവർഗ്ഗ തീരദേശ, തോട്ടം മേഖലകളിലെ കുട്ടികൾക്കുള്ള പ്രത്യേക പഠന പരിപോഷണ പരിപാടി:** ഗോത്രവർഗ്ഗ തീരദേശ, തോട്ടം മേഖലകളിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2018-19 അക്കാദമിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പരിപാടി.

**<u>ഭിന്നശേഷി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>**

ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾച്ചേരൽ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കേരളത്തിലാകെ 300 ൽപ്പരം സവിശേഷ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. 25000 ത്തോളം കുട്ടികൾ ഈ വിദ്യാലയങ്ങളിൽ

എത്തിച്ചേരുന്നുണ്ട്. 168 ബി.ആർ.സി കളിലും ഓട്ടിസം സെന്ററുണ്ട്. ഇവിടെ കുട്ടികൾക്കായി തെറാപ്പി സേവനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

- **ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം:** ശാരീരിക അവശതമൂലം സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് സമഗ്രശിക്ഷാ കേരളയുടെ പഠനസഹായം നൽകി വരുന്നു. 8245 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.
- **സ്പെഷ്യൽ കെയർ സെന്റർ:** 2022-23 പദ്ധതി കാലയളവിൽ ഭിന്നശേഷികുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ 1500 സ്പെഷ്യൽ കെയർ സെന്ററുകൾ സമഗ്രശിക്ഷാ കേരളയുടെ കീഴിൽ പ്രവർത്തനം ആരംഭിച്ചു.
- **ബാരിയർ ഫ്രീ സ്കൂൾ പദ്ധതി** : സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിർമ്മാണ (റാമ്പ് നിർമ്മാണം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ് നിർമ്മാണം മുതലായവ) പ്രവർത്തനങ്ങൾക്കുള്ള പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു.
- **മോഡൽ ഇൻക്ലൂസീവ് സ്കൂൾ** : എച്ച്.ഐ., വി.ഐ., ഐ.ഡി. എന്നീ വിഭാഗം കുട്ടികൾക്കുള്ള തെറാപ്പി സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2022-23 വർഷം മുതൽ ആരംഭിച്ച പദ്ധതി. ഒരു ജില്ലയിലെ 2 ബി.ആർ.സികളിൽ നിന്നായി 3 സ്കൂളുകളെ തെരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്.
- **സ്പെഷ്യൽ സ്കൂൾ പാക്കേജ്** :2019 മുതൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന ഏകദേശം 300-ൽ പരം സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കിവരുന്നു.
- **പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം:** അർഹരായ ഭിന്നശേഷി കുട്ടികൾക്ക്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, പെൺകുട്ടികൾക്ക് സ്റ്റൈപന്റ് എന്നിവ നൽകി വരുന്നു.
- **ശ്രുതിപാഠം** – കാഴ്ച പരിമിതർക്ക് ഓഡിയോ ലൈബ്രറി: കാഴ്ചപരിമിതിയുള്ള അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായനാ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഓഡിയോ ലൈബ്രറിയാണ് 'ശ്രുതിപാഠം'. ഇതോടൊപ്പം 'ടോക്കിങ് ടെക്സ്റ്റ്' എന്ന പേരിൽ 9 മുതൽ 12 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളും അവയുടെ ടീച്ചർടെക്സ്റ്റുകളും ഓഡിയോ ടെക്സ്റ്റുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- **ശ്രവണപരിമിതി ഉള്ളവർക്ക് സവിശേഷ പാഠ്യപദ്ധതി:** ശ്രവണപരമായി വെല്ലുവിളി നേരിടുന്ന ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്കായി സവിശേഷപാഠ്യപദ്ധതി തയാറാക്കിയിട്ടുണ്ട്. ഒന്നാംക്ലാസിലെ കുട്ടികൾക്കായി മലയാളം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്കുള്ള പ്രവേശികാപാഠപുസ്തകം തയാറാക്കുകയും പ്രവേശിക പാഠപുസ്തകത്തിനനുസൃതമായി അധ്യാപകസഹായി തയാറാക്കി നൽകുകയും ചെയ്തു.
- **സ്പേസ്** : പൂർണ്ണമായും കിടപ്പിലായ കുട്ടികളുടെ വീട്ടിലെത്തി അവർക്ക് പഠന പിന്തുണ നൽകുന്ന സഹപഠിതാക്കളുടെ കൂട്ടായ്മയായ ഈ പദ്ധതി കുഞ്ഞുങ്ങളുടെ ശാരീരിക മാനസിക, വൈകാരിക, സാമൂഹിക വികാസത്തിനുള്ള പ്രവർത്തന ഇടമാണ്. ആദ്യഘട്ടത്തിൽ 27 വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നു. നിശ്ചിത ഇടവേളകളിൽ ഡോക്ടർമാരുടേയും സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടേയും സേവനം ഉറപ്പാക്കുന്നു.

**സെക്ഷൻ ഓഫീസർ**